സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്വേഷണം പ്രമദിതവും
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ മാഗസിൻ

2025 ഒക്ടോബർ 31 വെള്ളി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


# പിഎംശ്രീ; കേന്ദ്രം നൽകാമെന്ന് സമ്മതിച്ച എസ്എസ്കെ ഫണ്ട് തടഞ്ഞെന്ന് സൂചന

തിരുവനന്തപുരം : പിഎം ശ്രീ പദ്ധതി മരവിപ്പിക്കാനുള്ള തീരുമാനത്തിന് പിന്നാലെ സമഗ്രശിക്ഷാ കേരളം ഫണ്ട് കേന്ദ്രം തടഞ്ഞെന്ന് സൂചന. എസ്എസ്കെ ഫണ്ടിന്റെ ആദ്യ ഗഡുവായ 320 കോടി രൂപ ബുധനാഴ്ച ആയിരുന്നു ലഭിക്കേണ്ടിയിരുന്നത്. ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ വിശദീകരണം. പാഠപുസ്ത പരിഷ്കരണം, വിദ്യാർഥികളുടെ ഉച്ചഭക്ഷണം, വിദ്യാർഥികൾക്കുള്ള സൗജന്യ യൂണിഫോം തുടങ്ങിയ നിരവധി വിഷയങ്ങൾ ഈ ഫണ്ടിനെ ആശ്രയിച്ചിരിക്കുന്നുണ്ട്. കഴിഞ്ഞ 2022, 2023, 2024 കാലഘട്ടത്തിലെ ഫണ്ടാണ് ഇപ്പോഴും കിട്ടാത്ത സാഹചര്യം ഉള്ളത്. ഇത് കിട്ടാതിരുന്നിട്ട് പോലും വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യങ്ങൾക്കൊന്നും ഇതുവരെ ഒരു മുടക്കം ഉണ്ടാക്കാതെ മുന്നോട്ട് പോയിട്ടുണ്ട്. എന്നിട്ടും ഈ ഫണ്ട് അനുവദിക്കാത്ത സാഹചര്യത്തിൽ ഇനി എങ്ങനെ മുന്നോട്ട് പോകും എന്നുള്ളത് തന്നെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ആശങ്ക. സാധാരണ ബജറ്റിൽ വകുപ്പുകൾക്ക് വിഹിതങ്ങൾ നൽകുമ്പോൾ കേന്ദ്ര ഫണ്ട് കൂടി വകയിരുത്താറുണ്ട്. അതുകൊണ്ടുതന്നെ, ബജറ്റിൽ മാറ്റിവച്ച ഫണ്ടുകൾ പോലും പര്യാപ്തമല്ലാത്ത സാഹചര്യമുണ്ട്. കൂടാതെ എസ്എസ്കെക്ക് കീഴിലുള്ള അധ്യാപകരുടെ ശമ്പളം കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അങ്ങനെ കടുത്ത പ്രതിസന്ധിയാണ്.

ഒപ്പിട്ടു കഴിഞ്ഞാൽ ഏറ്റവും അടുത്ത ദിവസങ്ങളിൽ തന്നെ ഇതുമായി ബന്ധപ്പെട്ട ഫണ്ട് നൽകുമെന്നുള്ളതായിരുന്നു നേരത്തെ കേന്ദ്രം അറിയിച്ചിരുന്നത്. ബുധനാഴ്ച തന്നെ ഇതുമായി ബന്ധപ്പെട്ട് ഫണ്ട് ലഭിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. ആദ്യ ഗഡുവായ മുന്നൂറ്റി ഇരുപത് കോടി ലഭിക്കുമെന്നായിരുന്നു ബുധനാഴ്ച ലഭിക്കുമെന്നായിരുന്നു അറിയിപ്പ്.

അതിന്റെ അടിസ്ഥാനത്തിൽ നേരത്തെ തന്നെ എത്രയാണ് ഓരോ ഫണ്ടിയും കുറവ് എന്നതടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് കേന്ദ്രത്തിന് നൽകുകയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അത് അംഗീകരിക്കുകയും ചെയ്തതാണ്. അതിനുശേഷമാണ് ക്യാബിനറ്റ് തീരുമാനം വരുന്നത്.മന്ത്രിസഭാ തീരുമാനം വന്നതിനു ശേഷമാണ് ഇതുമായി ബന്ധപ്പെട്ട ഫണ്ട് ലഭിക്കാത്ത സാഹചര്യമുണ്ടായത്. ബുധനാഴ്ച ലഭിച്ചില്ല. ഇന്നലെ ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ ഇന്നലെയും ലഭിച്ചില്ല. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ വകുപ്പിന് ആശങ്ക. എന്തായാലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഇതുവരെ ഒരു ഔദ്യോഗിക അറിയിപ്പും ലഭിച്ചിട്ടില്ല എന്നാണ് വിദ്യാഭ്യാസവകുപ്പ് പറയുന്നത്. ഇപ്പോഴും വിദ്യാഭ്യാസ വകുപ്പിന് നേരിയ പ്രതീക്ഷയുണ്ട്.

പിഎംസി പദ്ധതി ആ മരവിപ്പിക്കാൻ തീരുമാനിച്ച വിവരം ഔദ്യോഗികമായി സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചിട്ടില്ല. ഇക്കാര്യം അറിയിക്കുമ്പോൾ ഒരുപക്ഷെ കേന്ദ്രം ഔദ്യോഗികമായിത്തന്നെ ഫണ്ട് നൽകില്ല എന്നുള്ള വിവരം സംസ്ഥാനത്തെ അറിയിക്കാൻ സാധ്യതയുണ്ട്.

## രാപകൽ സമരം അവസാനിപ്പിക്കാൻ ആശമാർ; നാളെ സമരപ്രതിജ്ഞാ റാലി; പ്രതിപക്ഷ നേതാവ് ഉദ്ഘാടനം ചെയ്യും



തിരുവനന്തപുരം: സെക്രട്ടേറിയറ്റിന് മുന്നിൽ ഒരു വിഭാഗം ആശമാർ നടത്തിവന്നിരുന്ന രാപകൽ സമരം അവസാനിപ്പിക്കുന്നു. 265 ദിവസമായി നടത്തിവന്നിരുന്ന സമരമാണ് അവസാനിപ്പിക്കുന്നത്. നാളെ സമരപ്രതിജ്ഞാ റാലി സംഘടിപ്പിക്കും. പ്രതിപക്ഷ നേതാവ് വിഡി സതീശനാണ് റാലി ഉദ്ഘാടനം ചെയ്യുന്നത്.

തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞെന്ന് സമരസമിതി ജനറൽ സെക്രട്ടറി എം എ ബിന്ദു പറഞ്ഞു. ഓണറേറിയം അഞ്ചാം തീയതിക്ക് മുൻപ് ലഭ്യമാക്കണമെന്നടക്കം ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ സാധിച്ചു. ആശമാരുടെ ജോലി സംബന്ധിച്ച് വ്യക്തത വരുത്താൻ കഴിഞ്ഞു. ഓണറേറിയം 21,000 രൂപ വർദ്ധിപ്പിക്കുക, വിമരിക്കിൽ ആനുകൂല്യം അഞ്ച് ലക്ഷമാക്കുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കാനുണ്ട്. ഇതിനായുള്ള സമരം തുടരും. ജില്ലാ തലത്തിൽ പ്രവർത്തങ്ങൾ തുടരുമെന്നും ബിന്ദു പറഞ്ഞു.

ആശമാരുടെ ഓണറേറിയം 21,000 രൂപയാക്കുക, 62 വയസിൽ പിരിച്ചുവിടാനുള്ള തീരുമാനം പിൻവലിക്കുക, വിരമിക്കൽ ആനുകൂല്യം അഞ്ച് ലക്ഷം രൂപയാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ഒരുവിഭാഗം ആശമാർ സമരത്തിനിറങ്ങിയത്.

സിഐടിയു വിഭാഗം സമരത്തിൽ നിന്ന് വിട്ടുനിന്നു. ആദ്യം നിരാഹാര സമരമായിരുന്നു ആശമാർ നടത്തിയത്. പിന്നീടാണ് സമരത്തിന്റെ സ്വഭാവം മാറി രാപകൽ സമരത്തിലേക്ക് മാറിയത്. കോൺഗ്രസ്, ബിജെപി നേതാക്കൾ അടക്കം സമരം നടത്തുന്ന ആശമാർക്ക് പിന്തുണയുമായി രംഗത്തെത്തിയിരുന്നു. കഴിഞ്ഞ ദിവസം നടത്തിയ വാർത്താസമ്മേളനത്തിൽ ആശമാരുടെ ഓണറേറിയം ആയിരം രൂപ കൂടി വർധിപ്പിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഇതിന് ശേഷമാണ് സമരം അവസാനിപ്പിക്കാൻ ആശമാർ തീരുമാനിച്ചത്.

## ഒരു മാസത്തെ കുടിശ്ശികയടക്കം നവംബറിൽ 3600 രൂപ ക്ഷേമ പെൻഷൻ എല്ലാവർക്കും കിട്ടും: ധനമന്ത്രി



തിരുവനന്തപുരം: ഒരു മാസത്തെ കുടിശ്ശികയും പുതുക്കിയ ക്ഷേമ പെൻഷനും ചേർത്ത് നവംബറിൽ 3600 രൂപ വീതം ക്ഷേമ പെൻഷൻ ലഭിക്കുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഇതിനായി 1864 കോടി രൂപ അനുവദിച്ചതായി ധനകാര്യ അറിയിച്ചു. വർധിപ്പിച്ച 2000 രൂപ പെൻഷൻ നവംബറിൽ തന്നെ വിതരണം ആരംഭിക്കുകയാണ്. അതിനോടൊപ്പമാണ് നേരത്തെ ഉണ്ടായ കുടിശ്ശികയിലെ അവസാന ഗഡുവും ലഭിക്കുന്നത്.

നവംബർ 20 മുതൽ പെൻഷൻ വിതരണം ആരംഭിക്കും. വർധിപ്പിച്ച പെൻഷൻ വിതരണത്തിന് 1042 കോടി രൂപയും, ഒരു ഗഡു കുടിശ്ശിക വിതരണത്തിന് 824 കോടി രൂപയുമാണ് അനുവദിച്ചത്. ഇതോടെ ക്ഷേമ പെൻഷൻ കുടിശിക പൂർണമായും കൊടുത്തു തീർക്കുകയാണെന്നും ധനമന്ത്രി വ്യക്തമാക്കി.

'പ്രഖ്യാപിച്ച ആനുകൂല്യങ്ങളെല്ലാം സമയബന്ധിതമായി നൽകുമെന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാർ നയ സമീപനങ്ങളുടെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിടേണ്ടിവന്ന കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലാണ് ക്ഷേമ പെൻഷൻ അഞ്ചു ഗഡു കുടിശികയായത്. അവയുടെ വിതരണത്തിനായുള്ള സമയക്രമം 2024 ജൂലൈയിൽ മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അത് അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം കുടിശികയുടെ രണ്ടു ഗഡുക്കൾ നൽകി. ഈ സാമ്പത്തിക വർഷത്തിന്റെ പകുതിയിൽ തന്നെ ബാക്കിയുള്ളതിൽ രണ്ടു ഗഡുക്കളുടെയും വിതരണം പൂർത്തിയാക്കിയിരുന്നു. ഇതിന്റെ തുടർച്ചയായാണ് അവസാന ഗഡു കുടിശ്ശികയും നൽകുന്നത്' മന്ത്രി പറഞ്ഞു.

ക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതമുള്ളത് 8.46 ലക്ഷം പേർക്കുമാത്രമാണ്. കേന്ദ്ര സർക്കാരിൽനിന്ന് ശരാശരി 300 രൂപവരെയാണ് വ്യക്തികൾക്ക് ലഭിക്കുന്നത്. ഇതിലും 400 കോടിയിൽ അധികം രൂപ കേരളത്തിന് തരാനുണ്ട്. ഈ തുക കൂടി സംസ്ഥാന സർക്കാർ മുൻകൂർ നൽകുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ഹോക്കി ഇതിഹാസം മാനുവൽ ഫ്രെഡറിക് അന്തരിച്ചു



ബംഗളൂരു: ഒളിമ്പിക്സ് മെഡൽ നേടുന്ന ആദ്യ മലയാളി താരം മാനുവൽ ഫ്രെഡറിക് (78) അന്തരിച്ചു. ബംഗളൂരുവിൽവെച്ച് ഇന്ന് രാവിലെയായിരുന്നുഅന്ത്യം. 1972ലെ മ്യൂണിക്ക് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീം അംഗമായിരുന്നു. മ്യൂണിക്കിൽ ഇന്ത്യ മെഡൽ നേടിയത് മാനുവലിന്റെ ഗോൾ കീപ്പിങ് മികവിലൂടെയാണ്.

ഏഴു വർഷത്തോളം ഇന്ത്യയ്ക്കായി കളിച്ചു. 1973 ഹോളണ്ട് ലോകകപ്പിലും 1978 അർജന്റീന ലോകകപ്പിലും ഇന്ത്യയ്ക്കായി കളത്തിലിറങ്ങി.1947 ഒക്ടോബർ 20-ന് കണ്ണൂരിലെ ബർണശ്ശേരിയിലാണ് മാനുവൽ ജനിച്ചത്. അച്ഛൻ ജോസഫ് ബോവറും അമ്മ സാറയും കോമൺവെൽത്ത് ഫാക്ടറിയിലെ തൊഴിലാളികളായിരുന്നു. കണ്ണൂരിലെ ബി.എം.പി. യു.പി. സകൂളിനുവേണ്ടി ഫുട്ബോൾ കളിച്ചിരുന്ന മാനുവൽ 12ാം വയസ്സിലാണ് ആദ്യമായി ഹോക്കി കളിക്കാൻ തുടങ്ങിയത്. 15-ാം വയസ്സിൽ ഇന്ത്യൻ ആർമിയിൽ ചേർന്ന മാനുവലിനെ മികച്ച ഹോക്കിതാരമാക്കി തീർത്തത് സർവീസസ് ക്യാമ്പിൽ വെച്ച് ലഭിച്ച പരിശീലനമാണ്. 1971-ൽ ഇന്ത്യൻ ഹോക്കിടീമിന്റെ ഗോൾകീപ്പറായി അരങ്ങേറി. തൊട്ടടുത്ത വർഷം (1972) നടന്ന മ്യൂണിക് ഒളിമ്പിക്സിൽ ഇന്ത്യയെ വെങ്കലമെഡൽ ജേതാക്കളാക്കുന്നതിൽ മാനുവലിന്റെ ഗോൾകീപ്പിങ് മികവ് നിർണായക പങ്കുവഹിച്ചു. ഭാര്യ: പരേതയായ ശീതള. മക്കൾ: ഫ്രെഷീന പ്രവീൺ (ബെംഗളൂരു), ഫെനില (മുംബൈ). മരുമക്കൾ: പ്രവീൺ (ബെംഗളുരു), ടിനു തോമസ് (മുംബൈ)

## വൈക്കത്ത് നിയന്ത്രണം വിട്ട കാർ തോട്ടിലേക്കു മറിഞ്ഞു; യുവ ഡോക്ടർക്ക് ദാരുണാന്ത്യം



കോട്ടയം: നിയന്ത്രണം വിട്ട കാർ വൈക്കം തോട്ടുവക്കും തോട്ടിലേക്കു മറിഞ്ഞു ഒരാൾ മരിച്ചു. ഒറ്റപ്പാലം സ്വദേശിയായ ഡോക്ടർ അമൽ സൂരജാണ് (33) മരിച്ചത്. കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിലെ ഡോക്ടറാണ്. ഇന്നു രാവിലെ നാട്ടുകാർ കാർ തോട്ടിൽ കിടക്കുന്നതു കണ്ടാണ് അപകടവിവരം അറിയുന്നത്.

വേമ്പനാട്ടുകായലുമായി ബന്ധിപ്പിക്കുന്ന കെവി കനാലിലാണ് അപകടം നടന്നത്. മൃതദേഹം വൈക്കം താലൂക്ക് ആശുപത്രിയിലേക്കു മാറ്റി. എറണാകുളത്തുള്ള സുഹൃത്തിനെ കാണാൻ പോകുകയായിരുന്നു അമൽ.

## കരിപ്പൂരിൽ അടിവസ്ത്രത്തിൽ ഒളിപ്പിച്ച് സ്വർണക്കടത്ത്; പിടികൂടിയത് ഒരു കോടിയുടെ സ്വർണം, യുവാവ് അറസ്റ്റിൽ

കോഴിക്കോട്: കരിപ്പൂർ വിമാനത്താവളത്തിൽ യാത്രക്കാരൻ അടിവസ്ത്രത്തിൽ ഒളിപ്പിച്ചു കടത്താൻ ശ്രമിച്ച ഒരു കോടിരൂപ വിലവരുന്ന സ്വർണം പിടികൂടി. കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മിഷണറേറ്റിന്റെ കീഴിലുള്ള കോഴിക്കോട് കസ്റ്റംസ് പ്രിവന്റീവ് ഡിറ്റാച്മെന്റാണ് നൗഫൽ പുത്തൻകോട്ട് എന്ന യാത്രക്കാരനിൽ നിന്നു സ്വർണം പിടികൂടിയത്.

890.35 ഗ്രാം തൂക്കമുള്ള 24 കാരറ്റ് സ്വർണമാണ് പിടിച്ചെടുത്തത്. ഇതിനു വിപണിയിൽ 1.04 കോടി രൂപ വിലവരും. ഈ മാസം ആദ്യം കരിപ്പൂർ വിമാനത്താവളത്തിലെ ചവറ്റുകുട്ടയിൽ ഉപേക്ഷിച്ച നിലയിൽ ഒന്നരകോടിയോളം രൂപയുടെ സ്വർണമിശ്രിതം കണ്ടെടുത്തിരുന്നു. സ്വർണം പിടികൂടുമെന്നായപ്പോൾ കൊണ്ടുവന്നയാൾ ഉപേക്ഷിച്ചതാണിതെന്നാണ് നിഗമനം. 1.7 കിലോ സ്വർണമിശ്രിതത്തിൽ നിന്ന് ഒന്നര കിലോ സ്വർണം വേർതിരിച്ചിരുന്നു. ഈ സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

## പേരാമ്പ്രയിലെ മർദ്ദനം; കുറ്റം ചെയ്തവർക്കെതിരെ നിയമ നടപടിയുമായി മുന്നോട്ടുപോകുമെന്ന് ഷാഫി പറമ്പിൽ എംപി



കോഴിക്കോട്: പേരാമ്പ്ര മർദ്ദനത്തിൽ പൊലീസ് നടപടി എടുക്കുന്ന ലക്ഷണം കാണുന്നില്ലെന്ന് ഷാഫി പറമ്പിൽ എംപി. കുറ്റം ചെയ്തവർക്കെതിരെ നിയമ നടപടിയുമായി മുന്നോട്ടു പോകും. തുടർനടപടികൾ പാർട്ടിയോട് ആലോചിച്ച് തീരുമാനിക്കുമെന്നും ഷാഫി പറമ്പിൽ പറഞ്ഞു. കോഴിക്കോട് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പേരാമ്പ്രയിലുണ്ടായ സംഘർഷത്തിനിടെ അഭിലാഷ് ആണ് തന്നെ മർദ്ദിച്ചതെന്നായിരുന്നു ഷാഫിയുടെ ആരോപണം. അതേസമയം, ഷാഫി പറമ്പിൽ എംപിയുടെ ആരോപണത്തിൽ നിയമനടപടിക്ക് അനുമതി തേടിയിരിക്കുകയാണ് വടകര കൺട്രോൾ റൂം ഇൻസ്പെക്ടർ എസ്എച്ച്ഒ അഭിലാഷ് ഡേവിഡ്. ഉന്നത ഉദ്യോഗസ്ഥരോടാണ് അനുമതി തേടിയത്. പേരാമ്പ്ര സംഘർഷവുമായി ബന്ധപ്പെട്ട് ഷാഫി പറമ്പിൽ എംപിയുടെ ആരോപണത്തിലാണ് നിയമനടപടിക്ക് മുതിരുന്നത്. എംപി അപകീർത്തിപരമായ പരാമർശങ്ങൾ നടത്തി എന്നാണ് അഭിലാഷിന്റെ ആരോപണം. ഇത് സംബന്ധിച്ച് വടകര റൂറൽ എസ്പിയോടാണ് അനുമതി തേടിയത്. അഭിലാഷിന്റെ അപേക്ഷ എസ്പി, ഡിജിപിക്ക് കൈമാറിയിട്ടുണ്ട്.






# ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള തീരുമാനം ആശ്വാസകരം

**സം**സ്ഥാനത്ത് സ്ത്രീമുന്നേറ്റങ്ങളിൽ പുതുചരിത്രമെഴുതി 266 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നടത്തുന്ന രാപ്പകൽ സമരം കേരളപ്പിറവി ദിനമായ നാളെ അവസാനിപ്പിക്കുകയാണ്. ആശാവർക്കർമാരുടെ ഓണറേറിയം ആയിരം രൂപ വർധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതിനു പിന്നാലെയാണ് സമരം അവസാനിപ്പിക്കാനുള്ള തീരുമാനം. പ്രാദേശികതലങ്ങളിൽ സമരം തുടരും. 2026 ഫെബ്രുവരി 10 ന് സമരം ഒരു വർഷം തികയുന്ന ദിവസം മഹാ പ്രതിഷേധ സംഗമം സംഘടിപ്പിക്കും. ആയിരം രൂപ വർധിപ്പിച്ചതിന്റെ ക്രെഡിറ്റ് അടിച്ചെടുക്കാൻ സിഐടിയു ശ്രമിക്കുന്നതിൽ സമരസമിതിക്ക് കടുത്ത അതൃപ്തിയുണ്ട്.

ഓണറേറിയം 21000 രൂപയാക്കണമെന്നും വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപ നൽകണമെന്നും ആവശ്യപ്പെട്ടാണ് ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ആരംഭിച്ചത്. സർക്കാരുമായി നടത്തിയ ചർച്ചകൾ പരാജയപ്പെട്ടതോടെ രാപ്പകൽ സമരം ആരംഭിച്ചു. പിന്നീട് നിരാഹാരസമരം, മുടിമുറിക്കൽ തുടങ്ങി നിരവധി ഘട്ടങ്ങളിലൂടെയാണ് സമരം മുന്നേറിയത്.

സമരമുഖത്തുള്ള സ്ത്രീകളെ അധിക്ഷേപിക്കുന്ന സമീപനമാണ് ഭരണകക്ഷി നേതാക്കളിൽനിന്ന് ഉണ്ടായത്. ഓണറേറിയം വർധിപ്പിക്കേണ്ട ഉത്തരവാദിത്തം കേന്ദ്രസർക്കാരിനാണെന്നും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പറഞ്ഞിരുന്നു. ഒടുവിൽ തദ്ദേശതിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കുമ്പോഴാണ് ആശമാരുടെ ഓണറേറിയം വർധിപ്പിക്കാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്.

സെക്രട്ടേറിയറ്റിനു മുന്നിലെ സമരം അവസാനിപ്പിക്കുമെങ്കിലും സമരത്തേ അപമാനിച്ചവർക്കെതിരെ തദ്ദേശ തിരഞ്ഞെടുപ്പിൽ വിധിയെഴുതണമെന്ന് അഭ്യർഥിച്ച് ആശാ വർക്കർമാർ വാർഡുകളിലേക്ക് പോകണമെന്ന് ഇന്നലെ ചേർന്ന അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

# ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വം; ഇന്ന് ദേശീയ പുനരർപ്പണ ദിനം



എല്ലാ വർഷവും ഒക്ടോബർ 31 നാണ് ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷിക ദിനംരാജ്യം ആചരിച്ചു പോരുന്നത്. 1984 ഒക്ടോബർ 31-ലെ ഓപ്പറേഷൻ ബ്ലൂ സ്റ്റാറിന്റെ പ്രതികാരമായാണ് അംഗരക്ഷകർ ഇന്ദിരയെ കൊലപ്പെടുത്തിയത്. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമദിനമായ ഒക്ടോബർ 31 രാഷ്ട്രീയ സങ്കൽപ് ദിവസ് (ദേശീയ പുനരർപ്പണ ദിനം) ആയി ആചരിക്കുന്നു. ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ചരമവാർഷികം ഒക്ടോബർ 31-ന് ആചരിക്കുന്നു. പിതാവ് ജവഹർലാൽ നെഹ്റുവിന് ശേഷം ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രിയായിരുന്ന രണ്ടാമത്തെ വ്യക്തിയാണ് ഇന്ദിരാഗാന്ധി. 1984 ഒക്ടോബർ 31 ന് രണ്ട് സുരക്ഷാ ഉദ്യോഗസ്ഥരുടെ വെടിയേറ്റാണ് ഇന്ദിര കൊല്ലപ്പെടുന്നത്.

ഇന്ത്യയുടെ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയായിരുന്നു ഇന്ദിരാഗാന്ധി. 1966 ജനുവരി മുതൽ 1977 മാർച്ച് വരെയും 1980 ജനുവരി മുതൽ 1984 ഒക്ടോബറിൽ വധിക്കപ്പെടുന്നതുവരെയും അവർ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. ഇന്ത്യയിലെ ഏറ്റവും ശക്തരായ പ്രധാനമന്ത്രിമാരിൽ ഒരാളായാണ് ഇന്ദിര അറിയപ്പെട്ടുന്നത്. ശക്തമായ വ്യക്തിത്വത്തിന് പേരുകേട്ടവളായിരുന്നു ഇന്ദിരാഗാന്ധി.

ബംഗ്ലാദേശ് രൂപീകരണത്തിലേക്ക് നയിച്ച ഇന്ത്യ-പാക് യുദ്ധ സമയത്ത് ഇന്ത്യയുടെ പ്രധാനമന്ത്രി കസേരയിൽ ഇന്ദിരയായിരുന്നു. അമൃതസറിലെ ഹർമന്ദിർ സാഹിബ് കോംപ്ലക്സിൽ (സുവർണ്ണ ക്ഷേത്രം) ഒളിച്ചിരുന്ന സിഖ് തീവ്രവാദികൾക്കെതിരായ സൈനിക നടപടിയായ ഓപ്പറേഷൻ ബ്ലൂ സ്റ്റാറിന് പ്രതികാരമായാണ് രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ ഇന്ദിരയെ കൊലപ്പെടുത്തിയതായി പറയപ്പെടുന്നത്.

മുൻ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെയും കമലാ നെഹ്റുവിന്റെയും ഏക മകളായിരുന്നു ഇന്ദിരാഗാന്ധി. 1964-ൽ പിതാവിന്റെ മരണശേഷം അവർ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1959-ൽ ഇന്ദിരാഗാന്ധി കോൺഗ്രസ് പാർട്ടി അധ്യക്ഷയായി. 1975 ജൂണിൽ, രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് രാജ്യത്തെ അറിയിച്ചത് ഇന്ദിരയാണ്. രാജ്യത്തിന്റെ സുരക്ഷാ ഭീഷണി കണക്കിലെടുത്താണ് തീരുമാനമെന്ന് ഇന്ദിര രാജ്യത്തെ അറിയിച്ചു. അടിയന്തരാവസ്ഥക്കാലത്ത് പൗരന്മാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ റദ്ദാക്കപ്പെട്ടു.

രാജ്യത്തെ ഏക വനിതാ പ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധി, ബാങ്കുകളുടെ ദേശസാൽക്കരണം, രാജകുടുംബങ്ങളുടെ പ്രിവിപേഴ്സ് നിർത്തലാക്കൽ തുടങ്ങിയ പരിഷ്കരണങ്ങളിലൂടെ രാജ്യശ്രദ്ധയാകർഷിച്ചു. 1971 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം, ഓപ്പറേഷൻ ബ്ലൂ സ്റ്റാർ തുടങ്ങിയ നിരവധി സുപ്രധാന സംഭവങ്ങൾക്കും പ്രധാനമന്ത്രിയെന്ന നിലയിൽ ഇന്ദിരാഗാന്ധി നേതൃത്വം നൽകി.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനും ഭാര്യ കമലാ നെഹ്റുവിനും മകളായി 1917 നവംബർ 19-ന് പ്രയാഗ്രാജിലാണ് ഇന്ദിരാഗാന്ധി ജനിച്ചത്. നെഹ്റുവിന്റെ ഏകമകളായിരുന്ന ഇന്ദിര സ്വാതന്ത്ര്യ സമരവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. കുട്ടിക്കാലത്ത്, 'മങ്കി ബ്രിഗേഡ്' എന്നറിയപ്പെടുന്ന കുട്ടികളുടെ ഒരു കൂട്ടത്തെ ഇന്ദിര സൃഷ്ടിച്ചിരുന്നു. അവർ ഇന്ത്യൻ പതാകകൾ വിതരണം ചെയ്യുകയും പോലീസിൽ ചാരപ്പണി നടത്തുകയും ചെയ്തിരുന്നു.

വിശ്വഭാരതി സർവ്വകലാശാല, സ്വിസ് സ്കൂളുകൾ, ഓക്സ്ഫോർഡിലെ സോമർവില്ലെ കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. പ്രധാനമന്ത്രിയായിരുന്ന കാലത്ത് നെഹ്റുവിന്റെ പ്രധാന സഹായിയായിരുന്നു ഇന്ദിര. കൂടാതെ നിരവധി വിദേശ യാത്രകളിൽ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തിരുന്നു.

1959-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ദിരാഗാന്ധി 1964-ൽ രാജ്യസഭാംഗമായി. 1966-ൽ അന്നത്തെ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ പെട്ടെന്നുള്ള നിര്യാണത്തെത്തുടർന്ന് ഇന്ദിരാഗാന്ധി ഇന്ത്യയുടെ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു.

1964 മുതൽ 1966 വരെ ഇന്ദിരാഗാന്ധി ശാസ്ത്രി മന്ത്രിസഭയിൽ വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1966 ജനുവരി മുതൽ 1977 മാർച്ച് വരെയും 1980 ജനുവരി മുതൽ 1984 ഒക്ടോബർ വരെയും ഇന്ദിരാഗാന്ധി പ്രധാനമന്ത്രി പദവിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1971-ലെ പാക്കിസ്ഥാനെതിരായ യുദ്ധത്തിൽ ഇന്ത്യ വിജയിക്കുകയും ബംഗ്ലാദേശ് രാഷ്ട്രം രൂപീകരിക്കുകയും ചെയ്തതിന് ശേഷം ഇന്ദിരാഗാന്ധിക്ക് ഭാരതരത്ന നൽകി രാജ്യം ആദരിച്ചു. ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് 14 ബാങ്കുകൾ ദേശസാത്കരിക്കുകയും പ്രധാനമന്ത്രി എന്ന നിലയിൽ, ദാരിദ്ര്യനിർമാർജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി അഹോരാത്രം പ്രവർത്തിക്കുകയും ചെയ്തു.

1975-ൽ അലഹബാദ് ഹൈക്കോടതി തിരഞ്ഞെടുപ്പ് കുറ്റത്തിന് ശിക്ഷിക്കുകയും രാഷ്ട്രീയത്തിൽ നിന്ന് ആറ് വർഷത്തേക്ക് വിലക്കുകയും ചെയ്തപ്പോൾ ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തി. ജനതാ ഗവൺമെന്റിന്റെ പതനത്തിനുശേഷം, 1980-ൽ ഇന്ദിരാഗാന്ധി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

1984-ൽ, പഞ്ചാബ് കലാപത്തെ നേരിടാൻ ഓപ്പറേഷൻ ബ്ലൂ സ്റ്റാറിലൂടെ ഹർമന്ദിർ സാഹിബിനെ ആക്രമിക്കാൻ ഉത്തരവിട്ടതിന് ഇന്ദിരാഗാന്ധി ഏറെ വിമർശനം ഏൽക്കേണ്ടി വന്നു.

ഒക്ടോബർ 31 ന് സിഖ് അംഗരക്ഷകരാൽ ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടു. അംഗരക്ഷകർ ഇന്ദിരാഗാന്ധിക്കു നേരെ 31 ബുള്ളറ്റുകൾ തൊടുത്തു. അതിൽ ഏഴെണ്ണം ഇന്ദിരയുടെ ശരീരത്തിനുള്ളിൽ തറയ്ക്കുകയും ശേഷിച്ച 23 എണ്ണം ശരീരം കടന്ന് പുറത്തേക്ക് പോവുകയും ചെയ്തു. 1999-ൽ ബിബിസി വോട്ടെടുപ്പിലൂടെ ഇന്ദിരാഗാന്ധിയെ 'വിമൻ ഓഫ് ദ മില്ലേനിയം' ആയി പ്രഖ്യാപിച്ചു.

## തദ്ദേശ തെരഞ്ഞെടുപ്പ്: ഒരുക്കങ്ങൾ പൂർത്തിയാക്കി ഐ എൻ എൽ

കോഴിക്കോട്:ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കിതായി ഐ എൻ എൽ ജില്ലാ കമ്മിറ്റി വിലയിരുത്തി. നിലവിൽ പാർട്ടി മത്സരിച്ചിരുന്ന മുഴുവൻ വാർഡുകളിലും വിജയ സാധ്യത ഉള്ള സ്ഥാനാർഥികളെ നിർത്തി തെരഞ്ഞെടുപ്പ് നേരിടാനും ത്രിതല പഞ്ചായത്തുകളിലെ ഓരോ വാർഡുകളും കൂടി പുതിയതായി മുന്നണി യോഗത്തിൽ ആവശ്യപ്പെടാനും ജില്ലാ കമ്മിറ്റി തീരുമാനിച്ചു. ജില്ലാ പ്രവർത്തക കൺവെൻഷൻ നവംബർ 6ന് വടകരയിൽ ചേരും. പാർട്ടി ആസ്ഥാനത്ത് ചേർന്ന യോഗത്തിൽ ജില്ലാ പ്രസിഡണ്ട് ശോഭ അബൂബക്കർ അധ്യക്ഷത വഹിച്ചു. എയർലൈൻസ് അസീസ് യോഗം ഉൽഘാടനം നിർവഹിച്ചു. സി കെ. കരീം, ടി പി.അബൂബക്കർ ഹാജി, സി.അബ്ദുറഹീം എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ഒ പി.അബ്ദുറഹ്മാൻ സ്വാഗതവും സിറാജ് മൂടാടി നന്ദിയും പറഞ്ഞു.

## കിറ്റ് വിതരണം

കക്കോടി: കക്കോടി മേഖല ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റി ശിഫ അൽ റബീഅ് മെഡിക്കൽ ഗ്രൂപ്പിന്റെ സഹകരണത്തോടെ നിർദ്ധന കുടുംബങ്ങൾക്ക് നൽകിയ ഭക്ഷ്യകിറ്റ് വിതരണം റിലീഫ് കമ്മിറ്റി ചെയർമാൻ കെ.പി മജീദ് ഉദ്ഘാടനം ചെയ്തു. ചെറുകുളം നടന്ന പരിപാടിയിൽ എം.കോയ അധ്യക്ഷനായി. ഡി.യേശുദാസ്, ജ്യോതിഷ് കുമാർ, എൻ.പി അബ്ദുൽ റസാഖ്,റീജ കക്കോടി, താഹിറ കുഞ്ഞി,ബുഷ്റ ജാബിർ സംസാരിച്ചു. കോർഡിനേറ്റർ എ.കെ ജാബിർ കക്കോടി സ്വാഗതവും ട്രഷറർ കെ.സാജിദ് നന്ദിയും പറഞ്ഞു.



കക്കോടി മേഖല ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റി കിറ്റ് വിതരണം കെ.പി മജീദ് ഉദ്ഘാടനം ചെയ്യുന്നു

ആരോഗ്യം

# ഉലുവയുടെ ആരോഗ്യ ഗുണങ്ങൾ



ആരോഗ്യസംരക്ഷണത്തിന് ഒഴിച്ചുകൂടാനാകാത്ത സുഗന്ധദ്രവ്യമാണ് ഉലുവ. ഹൃദയാരോഗ്യത്തിനും ഉലുവ സഹായകം. ഉലുവയിലുള്ള പോളിസാക്കറൈഡ് ഹൃദയാരോഗ്യത്തിനും ഗുണപ്രദം. ഉലുവയിലെ നാരുകൾ ചീത്ത കൊളസ്ട്രോളായ എൽഡിഎൽ കുറയ്ക്കുന്നതായി ചില പഠനങ്ങൾ പറയുന്നു. ഉലുവയിൽ പൊട്ടാസ്യം ധാരാളമായി അടങ്ങിയിരിക്കുന്നു. ശരീരത്തിൽ അമിതമായി എത്തുന്ന സോഡിയത്തിൻറെ പ്രവർത്തനത്തിനു കടിഞ്ഞാണിട്ടു രക്തസമ്മർദം നിയന്ത്രിതമാക്കുന്നു. ബിപി നിയന്ത്രിതമായാൽ ഹൃദയംസുരക്ഷിതമാകും.

മലബന്ധം തടയുന്നതിനും ഗ്യാസ് സംബന്ധമായ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും ഉലുവ ഗുണപ്രദം. ആമാശയ അൾസറുകൾ മൂലമുണ്ടാകുന്ന ദഹനപ്രശ്നങ്ങൾ കുറയ്ക്കുന്നു. കരളിൽ നിന്നു വിഷമാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഉലുവ ചേർത്ത ഭക്ഷണം സഹായകം. രക്തം ശുദ്ധമാക്കുന്നതിനും കട്ടിയാകുന്നതു തടയാനും സഹായകം. അങ്ങനെ രക്തസഞ്ചാരം സുഗമമാക്കി ബിപി കൂടാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഉലുവയിലടങ്ങിയ കാൽസ്യം, വിറ്റാമിൻ എ, സി എന്നിവയും പ്രായമായവരുടെ ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനു സഹായകം.

അസിഡിറ്റി കുറയ്ക്കുന്നു: നെഞ്ചെരിച്ചിൽ, അസിഡിറ്റി തുടങ്ങിയയ്ക്കു പ്രതിവിധിയായും ഉലുവ ഉപയോഗിക്കാം. ഉലുവാപ്പൊടി വെള്ളത്തിൽ കലർത്തി ആഹാരത്തിനു മുൻപ് കഴിക്കുന്നതാണ് ഉചിതം. വിഭവങ്ങളിൽ ഉലുവാപ്പൊടി ചേർക്കാം. പനി, തൊണ്ടപഴുപ്പ് എന്നിവയ്ക്കു പ്രതിവിധിയായി നാരങ്ങാനീര്, തേൻ, ഉലുവാപ്പൊടി എന്നിവ ചേർത്ത് ഉപയോഗിക്കാം. ഉലുവയിട്ടു തിളപ്പിച്ച വെള്ളം ആറിച്ച് കവിൾക്കൊള്ളുന്നതു തൊണ്ടവേദന കുറയ്ക്കാൻ സഹായകം.

അമിതവണ്ണം കുറയ്ക്കുന്നു: വൃക്കകളിൽ കാൽസ്യം അടിഞ്ഞുകൂടുന്നതിൻറെ തോതു കുറച്ച് കല്ലുകൾ രൂപപ്പെടുന്നതിനുള്ള സാധ്യത കുറയ്ക്കുന്നു. കാൻസർ തടയുന്നതിനു സഹായകമായ ഘടകം ഉലുവയിൽ ഉള്ളതായി പഠനങ്ങൾ പറയുന്നു. സൈനസ് പ്രശ്നങ്ങൾ, ശ്വസനസംബന്ധമായ പ്രശ്നങ്ങൾ എന്നിവ കുറയ്ക്കുന്നതിനും ഉലുവ ഗുണപ്രദം. അമിതവണ്ണം കുറയ്ക്കുന്നതിന് ഉലുവ ചേർത്ത ഭക്ഷണം സഹായകം. ഉലുവയിലെ നാരുകൾ ഭക്ഷണത്തിലെ അമിതകൊഴുപ്പിൻറെ ആഗിരണം കുറയ്ക്കുന്നതിലൂടെയാണ് അതു സാധ്യമാകുന്നത്: പ്രോട്ടീൻ, വിറ്റാമിൻ സി, നാരുകൾ , ഇരുമ്പ്, പൊട്ടാസ്യം, തുടങ്ങിയ പോഷകങ്ങൾ ഉലുവയിലുണ്ട്. ഉലുവയുടെ ആൻറിസെപ്റ്റിക്, ആൻറി ഇൻഫ്ളമേറ്ററി ഗുണങ്ങൾ ചർമാരോഗ്യത്തിനു ഗുണപ്രദം.

മുടിയുടെ ആരോഗ്യത്തിന്: മുടികൊഴിച്ചിൽ കുറയ്ക്കുന്നതിനും താരനെതിരേ പോരാടുന്നതിനും ഉലുവ സഹായകം.ഉലുവ ചേർത്ത ഭക്ഷണം ശീലമാക്കുന്നതും നല്ലത്. ഉലുവയിലടങ്ങിയ പ്രോട്ടീനുകൾ മുടിവളർച്ചയ്ക്കു സഹായകം.

താരൻ അകറ്റുന്നതിനും ഉലുവ കൊണ്ട് ഒരു പ്രയോഗമുണ്ട്. രാത്രി മുഴുവൻ കുതിർത്തുവച്ച ഉലുവ നന്നായരച്ചു കുഴമ്പു രൂപത്തിലാക്കി തലയിൽ പുരുക. അര മണിക്കൂറിനു ശേഷം കഴുകിക്കളയാം.

. അമിതവണ്ണം കുറയ്ക്കുന്നതിന് ഉലുവ ചേർത്ത ഭക്ഷണം

നിരവധി ആരോഗ്യ ഗുണങ്ങളുള്ള ഒന്നാണ് ഉലുവ. ഇരുമ്പിൻറെയും മറ്റ് ധാതുക്കളുടെയും നല്ല ഉറവിടമാണിത്. ആൻറി ഓക്സിഡൻറുകളും വിറ്റാമിനുകളും ധാരാളം അടങ്ങിയ ഉലുവ രോഗ പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായിക്കും. കൂടാതെ ഉലുവ എൽഡിഎൽ അഥവാ ചീത്ത കൊളസ്ട്രോൾ കുറയ്ക്കാൻ സഹായിക്കും. ഒപ്പം ഹൃദയത്തിൻറെ ആരോഗ്യത്തിനും ഇവ ഡയറ്റിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

ശരിയായ രീതിയിൽ ഉലുവ കഴിച്ചാൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും വണ്ണം കുറയ്ക്കാനും ഉലുവ സഹായിക്കും. ഉലുവയുടെ ഗ്ലൈസമിക് ഇൻഡക്സ് നില കുറവാണ്. കൂടാതെ ഉലുവയിലെ ആന്റിഓക്സിഡന്റുകൾ പാൻക്രിയാസ് പ്രവർത്തനത്തെ സഹായിക്കുന്നു. ഇത് ഇൻസുലിൻ മെറ്റബോളിസം കൂടുന്നതിനും ഇൻസുലിൻ റെസിസ്റ്റൻസ് കുറയാനും സഹായിക്കുന്നു. നാരുകളാൽ സമ്പന്നമാണ് ഉലുവ. ഇത് നിങ്ങളുടെ വിശപ്പ് കുറയ്ക്കാനും ശരീരത്തിന്റെ ഉപാപചയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കൊഴുപ്പ് ഇല്ലാതാക്കി വണ്ണം കുറയ്ക്കാനും സഹായിക്കും.

# സ്പോർട്സ്



## വനിതാ ലോകകപ്പിൽ ഇന്ത്യ ഫൈനൽ കളിക്കുന്നത് മൂന്നാം തവണ; ദക്ഷിണാഫ്രിക്ക ലക്ഷ്യമിടുന്നതും ആദ്യ കിരീടം



വനിത ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയും ദക്ഷിണാഫ്രിക്കയും കലാശപ്പോരിനൊരുങ്ങുകയാണ്. മൂന്നാം തവണയാണ് ഇന്ത്യ വനിത ലോകകപ്പിന്റെ ഫൈനൽ കളിക്കാനൊരുങ്ങുന്നത്. മുമ്പ് രണ്ട് തവണ ഫൈനൽ കളിച്ചിട്ടുണ്ടെങ്കിലും ലോകകിരീടം സ്വന്തമാക്കാൻ ഇന്ത്യൻ വനിതകൾക്ക് കഴിഞ്ഞിട്ടില്ല. ഇതാദ്യമായാണ് ദക്ഷിണാഫ്രിക്ക ഏകദിന ലോകകപ്പിന്റെ ഫൈനൽ കളിക്കുന്നത്.

വനിതാ ലോകകപ്പ് സെമിയിൽ ഓസ്ട്രേലിയയെ തകർത്തെറിഞ്ഞാണ് ഇന്ത്യ ഫൈനലിൽ പ്രവേശിക്കുന്നത്. മത്സരത്തിൽ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയൻ വനിതകൾ 49.5 ഓവറിൽ 338 റൺസിൽ എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ വനിതകൾ 48.3 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി.

സെഞ്ചുറിയുമായി പുറത്താകാതെ നിന്ന ജമീമ റോഡ്രി?ഗ്സിന്റെയും 89 റൺസെടുത്ത ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിന്റെയും വീരോചിത പോരാട്ടമാണ് ഇന്ത്യൻ വിജയത്തിന് കാരണായത്.

## ആയുഷ് മാത്രയ്ക്ക് അർദ്ധ സെഞ്ച്വറി; ദക്ഷിണാഫ്രിക്ക എയ്ക്കെതിരെ തിരിച്ചടിച്ച് ഇന്ത്യൻ നിര

ദക്ഷിണാഫ്രിക്ക എയ്ക്കെതിരായ ഒന്നാം അനൗദ്യോഗിക ചതുർദിന ടെസ്റ്റിൽ ഇന്ത്യ എ തിരിച്ചടിക്കുന്നു. രണ്ടാം ദിവസം ആദ്യ സെഷൻ പൂർത്തിയാകുമ്പോൾ ഇന്ത്യ ഒന്നാം ഇന്നിങ്സിൽ വിക്കറ്റ് നഷ്ടമില്ലാതെ 71 റൺസെന്ന നിലയിലാണ്. ആദ്യ ഇന്നിങ്സിൽ ദക്ഷിണാഫ്രിക്ക 309 റൺസിൽ എല്ലാവരും പുറത്തായിരുന്നു. ദക്ഷിണാഫ്രിക്കയുടെ ഒന്നാം ഇന്നിങ്സ് സ്കോറിനൊപ്പമെത്താൻ ഇന്ത്യയ്ക്ക് ഇനി 238 റൺസ് കൂടി വേണം. 57 റൺസുമായി ക്രീസിലുള്ള ആയുഷ് മാത്രെയാണ് ഇന്ത്യൻ നിരയിൽ തിളങ്ങിയിരിക്കുന്നത്.

നേരത്തെ ആദ്യ ദിവസം മത്സരം നിർത്തുമ്പോൾ ദക്ഷിണാഫ്രിക്ക എ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 299 റൺസെന്ന നിലയിലാണ്. ജോർദാൻ ഹെർമൻ, സുബൈർ ഹംസ, റൂബിൻ ഹെർമൻ എന്നിവർ അർദ്ധ സെഞ്ചുറികളുമായി ദക്ഷിണാഫ്രിക്കൻ നിരയിൽ തിളങ്ങി.

മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ദക്ഷിണാഫ്രിക്കയെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. കൃത്യമായ ഇടവേളകളിൽ വിക്കറ്റുകൾ നഷ്ടമായതാണ് ദക്ഷിണാഫ്രിക്കയ്ക്ക് തിരിച്ചടിയായത്. ജോർദാൻ ഹെർമൻ 71, സുബൈർ ഹംസ 66, റൂബിൻ ഹെർമൻ 54, ടിയാൻ വാൻ വ്യൂറെൻ 46 എന്നിങ്ങനെ റൺസെടുത്തു.

## വുമൻസ് അണ്ടർ 19 ട്വന്റി 20യിൽ കേരളത്തിന് തോൽവി

വുമൻസ് അണ്ടർ 19 ട്വന്റി 20 ചാമ്പൻഷിപ്പിൽ കേരളത്തിന് മഹാരാഷ്ട്രയോട് തോൽവി. എട്ട് വിക്കറ്റിനായിരുന്നു മഹാരാഷ്ട്രയുടെ വിജയം. ആദ്യം ബാറ്റ് ചെയ്ത കേരളത്തിന് 20 ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 111 റൺസ് മാത്രമാണ് നേടാനായത്. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ മഹാരാഷ്ട്ര 34 പന്തുകൾ ബാക്കി നില്ക്കെ ലക്ഷ്യത്തിലെത്തി.

ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത കേരളത്തിന് നാല് റൺസെടുത്ത ഓപ്പണർ അമീറ ബീഗത്തിന്റെ വിക്കറ്റ് ആദ്യ ഓവറിൽ തന്നെ നഷ്ടമായി. മികച്ചൊരു തുടക്കത്തിനൊടുവിൽ ശ്രദ്ധ സുമേഷ് 16 റൺസുമായി മടങ്ങി. ശ്രേയ പി സിജു അഞ്ച് റൺസെടുത്ത് പുറത്തായി. തുടർന്നെത്തിയവരിൽ ലെക്ഷിത ജയനും ഇസബെല്ലും മാത്രമാണ് കേരള ബാറ്റിങ് നിരയിൽ മികച്ച പ്രകടനം കാഴ്ച വച്ചത്. ലെക്ഷിത 33ഉം ഇസബെൽ 30ഉം റൺസെടുത്തു. മഹാരാഷ്ട്രയ്ക്ക് വേണ്ടി ജാൻവി വീർക്കർ മൂന്നും അക്ഷയ ജാധവ് രണ്ടും വിക്കറ്റുകൾ വീഴ്ത്തി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ മഹാരാഷ്ട്രയ്ക്ക് ഓപ്പണർ ഈശ്വരി അവസാരെയുടെ തകർപ്പൻ അർദ്ധ സെഞ്ചുറിയാണ് വിജയമൊരുക്കിയത്. അതിവേഗം സ്കോർ ചെയ്ത് മുന്നേറിയ മഹാരാഷ്ട്ര ബാറ്റർമാരെ സമ്മർദ്ദത്തിലാക്കാൻ കേരള ബൌളർമാർക്കായില്ല. 14.2 ഓവറിൽ മഹാരാഷ്ട്ര ലക്ഷ്യത്തിലെത്തി. ഈശ്വരി അവസാരെ 46 പന്തുകളിൽ 57 റൺസുമായി പുറത്താകാതെ നിന്നു.

# അഴിമതി തടയുന്നതിന് വിജിലൻസ് ബോധവൽക്കരണ വാരാചരണം

വിജിലൻസ് വാരാചരണം എല്ലാ വർഷവും കേന്ദ്ര വിജിലൻസ് കമ്മീഷൻ (Central Vigilance Commission - CVC) സംഘടിപ്പിക്കുന്ന ഒരു ബോധവൽക്കരണ പരിപാടിയാണ്. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനം (ഒക്ടോബർ 31) വരുന്ന വാരത്തിലാണ് എല്ലാ വർഷവും വിജിലൻസ് വാരാചരണം നടത്തുന്നത്. സർദാർ വല്ലഭായി പട്ടേലിന്റെ 150 ജന്മവാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് ഈ വർഷത്തെ വിജിലൻസ് ബോധവൽക്കരണ പരിപാടി നടക്കുന്നത്. 560ലേറെ നാട്ടുരാജ്യങ്ങളെ കൂട്ടിയോജിപ്പിച്ച് ഇന്ത്യക്ക് ഐക്യത്തിന്റെ അടിസ്ഥാനശില പാകിയ ഉരുക്കു മനുഷ്യനായ ഭരണാധികാരിയുടെ സേവനങ്ങൾ ഓർമിക്കുന്നതിനും ഈ വാരാചരണത്തിലൂടെ ലക്ഷ്യപ്പെടുന്നു.

ഒക്ടോബർ 27 മുതൽ നവംബർ 2 വരെയാണ് വിജിലൻസ് ബോധവൽക്കരണ വാരം ആചരിക്കുന്നത്. അഴിമതിക്കെതിരെ പോരാടുന്നതിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അഴിമതി രാജ്യത്തിനെതിരെയുള്ള ഒരു കുറ്റമാണെന്ന സന്ദേശം പൊതുസമൂഹത്തിൽ വളർത്തുകയും ചെയ്യുക എന്നതാണ് ബോധവൽക്കരണത്തിന്റെ ലക്ഷ്യം. സത്യസന്ധതയോടുള്ള പ്രതിബദ്ധത എല്ലാവരിലും ഉറപ്പിക്കാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉപകാരപ്പെടും.

2025-ലെ വിജിലൻസ് ബോധവൽക്കരണത്തിന്റെ പ്രമേയം ("Vigilance: Our Shared Responsibility" (വിജിലൻസ്: നമ്മുടെ പങ്കിട്ട ഉത്തരവാദിത്തം) എന്നതാണ്. ഈ വാരാചരണത്തോടനുബന്ധിച്ച് വിവിധ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും അഴിമതി വിരുദ്ധ പ്രതിജ്ഞയെടുക്കൽ, ബോധവൽക്കരണ ക്ലാസുകൾ, സംവാദങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയ നിരവധി പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

'വിജിലൻസ്' എന്ന വാക്കിന് പൊതുവായി ജാഗ്രത, നിരീക്ഷണം എന്നൊക്കെയാണ് അർത്ഥം. എന്നാൽ ഭരണപരമായ കാര്യങ്ങളിൽ, പ്രത്യേകിച്ച് ഇന്ത്യയിലെ സർക്കാർ സംവിധാനത്തിൽ, 'വിജിലൻസ്' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അഴിമതിയും ക്രമക്കേടുകളും തടയുന്നതിനും കണ്ടെത്തുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഉള്ള ചുമതലയാണ്.

പൊതുസേവകരുടെ (സർക്കാർ ഉദ്യോഗസ്ഥരുടെ) പ്രവർത്തനങ്ങളിലെ സത്യസന്ധതയും ധാർമ്മികതയും ഉറപ്പുവരുത്തുക, ഭരണപരമായ കാര്യങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും കൈക്കൂലി രഹിതവുമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് വിജിലൻസ് സംവിധാനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

വിജിലൻസിന്റെ പ്രധാന ധർമ്മങ്ങൾ ഇവയാണ്,

പ്രതിരോധ വിജിലൻസ് (Preventive Vigilance) അഴിമതി ഉണ്ടാകാനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ട്, നടപടിക്രമങ്ങൾ ലളിതമാക്കിയും നിയമങ്ങളിലെ പഴുതുകൾ അടച്ചും അഴിമതി തടയുക, അന്വേഷണ വിജിലൻസ് (Detective Vigilance): അഴിമതി, കൈക്കൂലി, അധികാര ദുർവിനിയോഗം, പൊതുമുതൽ ദുരുപയോഗം ചെയ്യൽ തുടങ്ങിയ പരാതികൾ അന്വേഷിക്കുക. ശിക്ഷാപരമായ വിജിലൻസ് (Punitive Vigilance): കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന പൊതുസേവകർക്കെതിരെ വേഗത്തിലും ശക്തമായും ശിക്ഷാ നടപടികൾ ഉറപ്പാക്കുക.

ഇന്ത്യയിലെ പ്രധാന വിജിലൻസ് സ്ഥാപനങ്ങൾ

കേന്ദ്ര വിജിലൻസ് കമ്മീഷൻ (Central Vigilance Commission - CVC) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന പരമോന്നത സ്ഥാപനം. പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി, ലോക്സഭയിലെ പ്രതിപക്ഷ നേതാവ് എന്നിവരടങ്ങിയ സമിതിയുടെ ഉപദേശപ്രകാരം രാഷ്ട്രപതിയാണ് മുഖ്യ വിജിലൻസ് കമ്മീഷണറെ നിയമിക്കുന്നത്.

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (Vigilance and Anti-Corruption Bureau - VACB) സംസ്ഥാന തലത്തിൽ, പ്രത്യേകിച്ച് കേരളത്തിലെ അഴിമതി വിരുദ്ധ ഏജൻസിയാണ് VACB. കേരള സർക്കാർ ഉദ്യോഗസ്ഥർക്കെതിരായ കൈക്കൂലി, അഴിമതി, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നത് ഈ സ്ഥാപനമാണ്. ആസ്ഥാനം: തിരുവനന്തപുരം. അഴിമതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയിക്കാൻ ടോൾ ഫ്രീ നമ്പറുകൾ (1064/ 8592900900) ലഭ്യമാണ്. ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ കൈക്കൂലിയോ മറ്റ് അഴിമതികളോ ശ്രദ്ധയിൽപ്പെട്ടാൽ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ടോൾ ഫ്രീ നമ്പറിൽ (1064) വിളിച്ച് പരാതിപ്പെടാം.

പൊതുസേവനങ്ങൾ സുതാര്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഓരോ പൗരനും ശ്രദ്ധയും ജാഗ്രതയും കാണിക്കണം.

സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി തടയാൻ സുതാര്യതയും (Transparency) ഉത്തരവാദിത്തവും (Accountability) എല്ലാവരും കാണിക്കണം.

ഇ-ഗവേണൻസ് (e-Governance) എല്ലാം ഓഫീസുകളിലും ഉണ്ടായാൽ അഴിമതി കുറക്കാൻ സാധിക്കുന്നതാണ്. സേവനങ്ങൾ, ലൈസൻസുകൾ, ടെൻഡറുകൾ എന്നിവ ഓൺലൈനായി നൽകുന്നത് ഉദ്യോഗസ്ഥരുടെ അനാവിശ്യ ഇടപെടൽ കുറയ്ക്കുവാൻ പര്യാപ്തമാകും.

വിവരാവകാശ നിയമം (RTI Act) സർക്കാർ പ്രവർത്തനങ്ങളെക്കുറിച്ച് പൗരന്മാർക്ക് വിവരങ്ങൾ തേടാനുള്ള അധികാരം,പൊതു ജനങ്ങൾ സമർത്ഥമായി ഉപയോഗിച്ചാൽ അഴിമതി വെളിച്ചത്തു കൊണ്ട് വരാൻ സാധിക്കുന്നതാണ്.

ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി പൗരന്മാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നത് അഴിമതി തടയാൻ സഹായിക്കുന്നുണ്ട്.

പൊതു സംഭരണ കരാറുകളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക,നിയമപരവും സ്ഥാപനപരവുമായ പരിഷ്കാരങ്ങൾ

അഴിമതി വിരുദ്ധ നിയമങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. അഴിമതി തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് കഠിനമായ ശിക്ഷ ഉറപ്പാക്കുക.

ലോക്പാൽ (Lokpal) / ലോകായുക്ത (Lokayukta) പോലുള്ള സ്ഥാപനങ്ങൾ അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്നതിനും നടപടിയെടുക്കുന്നതിനും സ്വതന്ത്ര സ്ഥാപനങ്ങളായി ശക്തിപ്പെടുക എന്നിവയും അഴിമതി തടയാനുള്ള മാർഗ്ഗങ്ങളാണ്.

സർക്കാർ വകുപ്പുകളിലെ അഴിമതി കണ്ടെത്താനും പ്രതിരോധിക്കാനുമുള്ള സംവിധാനങ്ങൾ വിസിൽ ബ്ലോവർ പോലുള്ള മാർഗ്ഗങ്ങൾ കൂടുതലായി ഉപയോഗിക്കുക. അഴിമതിയെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്നവർക്ക് മതിയായ സംരക്ഷണം നൽകുക.ഉദ്യോഗസ്ഥ തലത്തിലെ മാറ്റങ്ങളും ഉയർന്ന ധാർമ്മിക നിലവാരവും ഉണ്ടാക്കാനായി ഉദ്യോഗസ്ഥർക്കായി ശക്തമായ പെരുമാറ്റച്ചട്ടങ്ങളും (Codes of Conduct) ധാർമ്മിക നിലവാരങ്ങളും നിശ്ചയിക്കുകയും അവ നടപ്പാക്കുകയും ചെയ്യുക.


സ്വത്ത് വിവരങ്ങൾ വെളിപ്പെടുത്തിയത് ഇടയ്ക്കിടെ ക്രോസ്സ് ചെക്ക് ചെയ്യുക. പൊതുപ്രവർത്തകർ തങ്ങളുടെ സ്വത്ത് വിവരങ്ങൾ നിർബന്ധമായും വെളിപ്പെടുത്തേണ്ടതും അത് കൃത്യമായി പരിശോധിക്കപ്പെടുകയും ചെയ്യേണ്ടതും അഴിമതി തടയാൻ ആവിശ്യമാണ്.

ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ പതിവായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിന് ഇന്റേർണൽ വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കുക. പൗരന്മാരുടെ പങ്കാളിത്തം സർക്കാർ തീരുമാനമെടുക്കുന്ന പ്രക്രിയകളിലും പദ്ധതികളുടെ മേൽനോട്ടത്തിലും പങ്കെടുപ്പിക്കുക. സ്വതന്ത്രവും സജീവവുമായ മാധ്യമങ്ങൾക്ക് അഴിമതികൾ പുറത്തുകൊണ്ടുവരുന്നതിൽ പ്രധാന പങ്കുണ്ട്. ഈ മാർഗ്ഗങ്ങൾ സംയോജിപ്പിച്ച് നടപ്പിലാക്കിയാൽ സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി ഒരു പരിധി വരെ തടയാൻ സഹായിക്കും.

**ടി ഷാഹുൽ ഹമീദ്**
ഇന്റേർണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്
കോഴിക്കോട്

## കവിത

### കരിമഷിക്കണ്ണ്



മദന മോഹനൻ

രാത്രിയിൽ
മാത്രം
വരുന്ന
കരിവണ്ടേ
നിന്റെ രാത്രി
സഞ്ചാരത്തിന്റെ
പൊരുളെന്താണ്
ഞാനിതാ വരുന്നുണ്ടേ
നിന്നിലേക്കെന്നും
പറഞ്ഞ്
ഒരു മൂളിപ്പാട്ടോട് കൂടി
വെളിച്ചത്തിലഭയം പ്രാപിക്കുന്നു
നീ
തട്ടിയും, മുട്ടിയും
വീണുരുളുന്നു
നീയീ
ധരണിയിൽ
പല വട്ടം
കറുകറുപ്പുള്ള
കടുംകറുപ്പാ
നിനക്കെന്താ
ഇരുട്ടിനെ പേടിയാണോ
അതോ
നിറഭേദമില്ലാത്ത
ഇരുട്ടും, നീയും
കൂട്ടുകാരാണോ
നിലാവിന്
നിന്നോടിഷ്ടമാണ്
പൊന്ന് പൂശിയ
നീ
കാടും, മേടും
കടന്നെത്തുന്നു
എന്നിലേക്കൊരു
നിത്യ സന്ദർശകനായി

### വിശ്വാസം



രാജു കെ കാഞ്ഞിരങ്ങാട്

വിളിപ്പുറത്തുണ്ട്
വിശ്വാസം
അവിശ്വസിക്കാൻ
കാരണമൊന്നും
കാണുന്നില്ല !
അല്ലെങ്കിലും,
ഇല്ലാത്തതിനെ
വിശ്വസിക്കുക
എന്നതാണല്ലോ
നമ്മുടെ എറ്റവും വലിയ
വിശ്വാസം.



*കക്കോടി മേഖല ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റി വനിത സഹായ സംഘം സ്ത്രീ സ്വയം തൊഴിൽ സംരഭ ബോധവൽക്കരണ ക്ലാസ് ചെയർമാൻ പി.കെ അബ്ദുൽ ലത്തീഫ് ഉദ്ഘാടനം ചെയ്യുന്നു*


## സ്വയം തൊഴിൽ ബോധവൽക്കരണ ക്ലാസ്

കക്കോടി: കക്കോടി മേഖല ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റി വനിത സഹായ സംഘം സംഘടിപ്പിച്ച സ്ത്രീ സ്വയം തൊഴിൽ സംരഭ ബോധവൽക്കരണ ക്ലാസ് റിലീഫ് കമ്മിറ്റി ചെയർമാൻ പി.കെ അബ്ദുൽ ലത്തീഫ് ഉദ്ഘാടനം ചെയ്തു. സഹായ സംഘം പ്രസിഡന്റ് ബുഷ്റ ജാബിർ അധ്യക്ഷയായി. ചേളന്നൂർ ബ്ലോക്ക് ഇൻട്രസ്റ്റിയൽ ഓഫീസർ ടി.വിദ്യ ബോധവൽക്കരണ ക്ലാസെടുത്തു. റിലീഫ് കമ്മിറ്റി കൺവീനർ കെ.പി മജീദ് കോർഡിനേറ്റർ എ.കെ ജാബിർ കക്കോടി, കെ.എം തയ്യിബ് മാഹി, പി.പി ഹംസ ലക്ഷദ്വീപ്, പി.സീനത്ത്, വിജില സംസാരിച്ചു. സെക്രട്ടറി റീജ കക്കോടി സ്വാഗതവും ഷർബിന മുനീർ നന്ദിയും പറഞ്ഞു.

## ധർമ്മസ്ഥല ഗൂഢാലോചന കേസ്; ചിന്നയ്യയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലെ അന്വേഷണത്തിന് താൽക്കാലിക സ്റ്റേ

ബംഗളൂരു: ധർമ്മസ്ഥല ഗൂഢാലോചന കേസ് അന്വേഷണത്തിൽ പ്രത്യേക സംഘത്തിന് തിരിച്ചടി. ചിന്നയ്യയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എടുത്ത കേസിലെ അന്വേഷണം കർണാടക ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തു. കേസിലെ ഗൂഢാലോചനയിൽ പങ്കാളികളായെന്ന് സംശയിക്കപ്പെടുന്ന ഗിരീഷ് മട്ടന്നവർ, ജയന്ത് ടി, മഹേഷ് ഷെട്ടി തിമരോടി, വിത്താല ഗൗഡ എന്നിവരുടെ ഹർജിയിലാണ് നടപടി. തങ്ങളുടെ പരാതിയിൽ എടുത്ത എഫ്ഐആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടതാണ് ഇവർ ഹൈക്കോടതിയെ സമീപിച്ചത്.

നവംബർ 12ന് ഈ ഹർജിയിൽ വിശദമായ വാദം നടക്കും വരെയാണ് കർണാടക ഹൈക്കോടതി അന്വേഷണ നടപടികൾ സ്റ്റേ ചെയ്തത്. കേസിൽ വാദിയോ പ്രതിയോ അല്ലെന്നിരിക്കെ തങ്ങൾക്ക് 9 തവണ സമൻസ് അയച്ചു കഴിഞ്ഞെന്നും പത്താമത്തെത് 27ന് കിട്ടിയെന്നും ഇത് നിയമവിരുദ്ധ നടപടി ആണെന്നും കാണിച്ചാണ് നാൽവർ സംഘം ഹൈക്കോടതിയിൽ എത്തിയത്.



ഹർജി പരിഗണിച്ച ഹൈക്കോടതി പ്രത്യേകം എഫ്ഐആർ രജിസ്റ്റർ ചെയ്യാതെ ഒരേ കേസിൽ പലതവണ നോട്ടീസ് അയച്ചത് ശരിയായ നടപടിയല്ല എന്ന് വിമർശിച്ചു. ധർമസ്ഥല വിവാദങ്ങൾക്ക് പിന്നാലെ ധർമ്മസ്ഥല ആക്ഷൻ കൗൺസിൽ പ്രസിഡന്റിനെ നാടുകടത്താനും ഉത്തരവ് ഇറങ്ങിയിരുന്നു. ദക്ഷിണ കന്നട ജില്ലയിൽ പ്രവേശിക്കുന്നതിൽ നിന്നാണ് മഹേഷ് ഷെട്ടി തിമരോടിക്ക് വിലക്ക് ഏർപ്പെടുത്തിയത്. അഞ്ച് കേസുകളിൽ പ്രതിയായ സാഹചര്യത്തിലായിരുന്നു നീക്കം.

നിരവധി സ്ത്രീകളുടെയും കുട്ടികളുടെയും മൃതദേഹം മറവ് ചെയ്തെന്നായിരുന്നു ശുചീകരണ തൊഴിലാളിയാണ് സി എൻ ചിന്നയ്യയുടെ വെളിപ്പെടുത്തിയത്. ധർമ്മസ്ഥലയിലെ 13 ഇടങ്ങളാണ് പ്രത്യേകാന്വേഷണ സംഘത്തിന് മുമ്പാകെ സാക്ഷി ചൂണ്ടിക്കാണിച്ച് നൽകിയത്. ഇവിടെയെല്ലാം അന്വേഷണ സംഘം പരിശോധന നടത്തിയെങ്കിലും വെളിപ്പെടുത്തലിന് അനുസരിച്ച് ഒന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

## അറിയിപ്പുകൾ

### ഓഡിയോളജിസ്റ്റ് ആന്റ് എസ്എൽപി ഗ്രേഡ് II നിയമനം

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ സെന്റർ ഫോർ ഓഡിയോളജി ആന്റ് സ്പീച്ച് പത്തോളജി, ഇഎൻടി വിഭാഗത്തിൽ ഓഡിയോളജിസ്റ്റ് ആന്റ് എസ്എൽപി ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തും. യോഗ്യത: ബിഎഎസ്എൽപി (ബാച്ചിലർ ഓഫ് ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി), ആർസിഐ രജിസ്ട്രേഷൻ. പ്രതിമാസം വേതനം: 36,000 രൂപ. പ്രായപരിധി: 18-39. ഉദ്യോഗാർത്ഥികൾ നവംബർ അഞ്ചിന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം എച്ച്ഡിഎസ് ഓഫീസിലെത്തണം. ഫോൺ: 0495 2355900.

### വെറ്ററിനറി സർജൻ നിയമനം

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ബ്ലോക്കുകളിൽ നിലവിലുള്ളതും ഉടൻ ഉണ്ടാവാൻ സാധ്യതയുള്ളതുമായ വെറ്ററിനറി സർജൻ തസ്തികയിലെ ഒഴിവുകളിലേക്ക് പരമാവധി 90 ദിവസത്തേക്ക് താത്കാലിക നിയമനം നടത്തും. യോഗ്യത: വെറ്ററിനറി സയൻസിൽ ബിരുദവും വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡാറ്റയോടൊപ്പം യോഗ്യതാ സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നവംബർ നാലിന് രാവിലെ 10.30ന് കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിനെത്തണം. ഫോൺ: 0495 2768075.

### ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

എലത്തൂർ ഗവ. ഐടിഐയിൽ 2025-26 അധ്യയന വർഷത്തിൽ വെൽഡർ ട്രേഡിൽ കരാറടിസ്ഥാനത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിക്കും. യോഗ്യത: കേരള സർക്കാർ അംഗീകരിച്ച പോളിടെക്നിക്കിൽ നിന്നുള്ള മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ മൂന്ന് വർഷത്തെ ഡിപ്ലോമ/തത്തുല്യം. പ്രതിമാസം വേതനം: 27,825 രൂപ. ബയോഡാറ്റ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും പകർപ്പും സഹിതം നവംബർ നാലിന് ഉച്ച 2.30-ന് ഐടിഐയിൽ നേരിട്ടെത്തണം. ഫോൺ: 0495 2371451/0495 2461898.

### ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട് സർക്കാർ എൻജിനീയറിങ് കോളേജ് സിസിഎഫ് വിഭാഗത്തിലെ ജനറേറ്റർ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ പ്രിൻസിപ്പൽ, സർക്കാർ എൻജിനീയറിങ് കോളേജ്, കോഴിക്കോട്, വെസ്റ്റ് ഹിൽ (പിഒ) 673005 എന്ന വിലാസത്തിൽ നവംബർ അഞ്ചിന് രണ്ടു മണിക്കകം ലഭിക്കണം. വിവരങ്ങൾ www.geckkd.ac.in ൽ ലഭിക്കും.

### ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട് ഗവ. എൻജിനീയറിങ് കോളേജ് കെമിക്കൽ എൻജിനീയറിങ് വിഭാഗത്തിലെ സിജിഎംഎസ് (ഗ്യാസ് ക്രോമാറ്റോഗ്രാഫി - മാസ് സ്പെക്റ്റോമെട്രി) ന്റെ ഹീലിയം ഗ്യാസ് റീഫില്ലിംഗ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ പ്രിൻസിപ്പൽ, സർക്കാർ എൻജിനീയറിങ് കോളേജ്, കോഴിക്കോട്, വെസ്റ്റ് ഹിൽ (പിഒ) 673005 എന്ന വിലാസത്തിൽ നവംബർ ആറിന് രണ്ടു മണിക്കകം ലഭിക്കണം. വിവരങ്ങൾ www.geckkd.ac.inൽ ലഭിക്കും.

### ടെൻഡർ ക്ഷണിച്ചു

വനിത ശിശു വികസന വകുപ്പിന് കീഴിലെ കോഴിക്കോട് റൂറൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിന്റെ ആവശ്യത്തിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ ടാക്സി പെർമിറ്റുള്ള വാഹനം (ജീപ്പ്/ കാർ) വാടകയ്ക്ക് ഓടുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ നവംബർ 13ന് ഉച്ച 12.30 വരെ സ്വീകരിക്കും. ഫോൺ: 9497868401.

### ലൈഫ് സർട്ടിഫിക്കറ്റ് നൽകണം

മലബാർ ദേവസ്വം ബോർഡിനു കീഴിലെ മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ നിന്നും ബാങ്ക് മുഖേന പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റി വരുന്ന എല്ലാ ഗുണഭോക്താക്കളും നവംബർ 15 നകം വില്ലേജ് ഓഫീസർ/ഗസറ്റഡ് ഓഫീസർ/ബാങ്ക് മാനേജർ/ക്ഷേമനിധി ബോർഡ് മെമ്പർ ഒപ്പിട്ട 'ലൈഫ് സർട്ടിഫിക്കറ്റ്', ബാങ്ക് പാസ്ബുക്ക് കോപ്പി, ആധാർ കോപ്പി എന്നിവ സഹിതം സെക്രട്ടറി, മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി, ഹൗസ്ഫെഡ് കോംപ്ലക്സ്, എരഞ്ഞിപ്പാലം പിഒ, കോഴിക്കോട്- 673006, എന്ന വിലാസത്തിൽ അയക്കണം. നിശ്ചിത തീയതിക്കകം ലൈഫ്സർട്ടിഫിക്കറ്റ് ഹാജരാക്കാത്തപക്ഷം തുടർ പെൻഷൻ ലഭിക്കില്ല. കൂടാതെ 60 വയസ്സിൽ താഴെ പ്രായമുള്ള കുടുംബ പെൻഷൻകാർ, പുനർവിവാഹം നടത്തിയിട്ടില്ലെന്ന സാക്ഷ്യപത്രവും നൽകണം. ഫോൺ: 0495 2360720.

### പാര ലീഗൽ വളണ്ടിയർ നിയമനം

കോഴിക്കോട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയിൽ പാര ലീഗൽ വളണ്ടിയർമാരെ നിയമിക്കുന്നു. യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. സേനയിൽ നിന്നും സർക്കാർ സർവീസിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന. പ്രായപരിധി: 18-68 വയസ്സ്. നവംബർ 10നകം അപേക്ഷ ഇമെയിൽ/ രജിസ്ട്രേഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റ്/ നേരിട്ടോ നൽകണം. വിലാസം: സെക്രട്ടറി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ജില്ലാ കോർട്ട് കോംപ്ലക്സ് കോഴിക്കോട്- 673032. ഫോൺ: 0495 2365048. ഇമെയിൽ: dlsa2kozhikode@gmail.com

പീപ്പിൾസ് റിവ്യൂ
Estd:2007

വിവാഹം, വിവാഹ വാർഷികം,
ആനിവേഴ് സരികൾ, മാട്രിമോണിയൽ,
റിയൽ എസ്റ്റേറ്റ്, തൊഴിൽ, ചരമം,
ചരമ വാർഷികം, ആശംസകൾ,
തുടങ്ങി പേഴ് സണൽ പരസ്യങ്ങൾ നൽകാം.
വെബ്സൈറ്റ് / ആപ്പ് ഉപയോഗിച്ചും നൽകാം

ഫോൺ: 9400919971,
9037319971

Peoples Review, Lynwood (H) Pottangadi Raghavan Road,
Opp. HP Petrol Pump, West Nadakkavu,
Calicut - 673011, Email: peoplesreviewdaily@gmail.com

## സുരക്ഷ ഉറപ്പാക്കണം എന്ന് ആവശ്യം;
# ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാൻറ് ഇന്ന് തുറക്കില്ല, അനുമതിക്ക് പിന്നാലെ തീരുമാനം



കോഴിക്കോട്: സംഘർഷത്തെ തുടർന്ന് താത്കാലികമായി അടച്ച കോഴിക്കോട് താമരശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവു മാലിന്യ സംസ്കരണ യൂണിറ്റ് ഇന്ന് തുറക്കില്ല. പൊലീസ് സുരക്ഷ ഉറപ്പു വരുത്തിയതിന് ശേഷം മാത്രമേ പ്രവർത്തനം തുടങ്ങൂ. ഇന്ന് ഡയറക്ടർമാരുടെ യോഗം ചേരും. സുരക്ഷയുമായി ബന്ധപ്പെട്ട് ആശങ്കകളുണ്ടെന്ന് ഫ്രഷ്കട്ട് ജനറൽ മാനേജർ യൂജിൻ ജോൺസൺ പറഞ്ഞു. കൂടുതൽ പൊലീസ് സുരക്ഷ ആവശ്യപ്പെടുമെന്നും യോഗത്തിന് ശേഷം തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫ്രഷ്കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാന്റ് കർശന ഉപാധികളോടെയാണ് ഇന്ന് വീണ്ടും പ്രവർത്തനം പുനരാരംഭിക്കാൻ തീരുമാനിച്ചത്. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിസ്ട്രിക്ട് ലെവൽ ഫെസിലിറ്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടേ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

പ്ലാന്റിലെ പ്രതിദിന മാലിന്യ സംസ്ക്കരണം 25 ടണ്ണിൽ നിന്ന് 20 ടണ്ണായി കുറച്ചടക്കം ഏഴിന ഉപാധികളാണ് കലക്ടർ മുന്നോട്ട് വെച്ചത്. അതേസമയം, സംഘർഷങ്ങളെ തുടർന്ന് നിർത്തിവെച്ച സമരം ഇന്ന് മുതൽ വീണ്ടും തുടങ്ങുമെന്ന് സമര സമിതി വ്യക്തമാക്കിയിരുന്നു.പ്ലാന്റ് അടച്ച് പൂട്ടുന്നത് വരെ സമരം നടത്താനായിരുന്നു സമരസമിതിയുടെ തീരുമാനം.

പ്ലാന്റിലെ പ്രതിദിന മാലിന്യ സംസ്ക്കരണം 25 ടണ്ണിൽ നിന്ന് 20 ടണ്ണായി കുറയ്ക്കാനും ദുർഗന്ധം കുറയ്ക്കുന്നതിനായി വൈകുന്നേരം ആറു മണി മുതൽ രാത്രി 12 മണി വരെ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കാനും തീരുമാനമായിരുന്നു. പഴകിയ അറവ് മാലിന്യങ്ങൾ പ്ലാന്റിലേക്ക് കൊണ്ടുവരുന്നത് പൂർണമായി നിർത്തിവയ്ക്കുകയും പുതിയ മാലിന്യങ്ങൾ മാത്രം സംസ്ക്കരിക്കുകയും ചെയ്യണം. പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുവരുന്ന വാഹനങ്ങളുടെ കൃത്യമായ വിവരങ്ങൾ അധികൃതർക്ക് കൈമാറണം.

സംസ്കരണ കേന്ദ്രത്തിലെ മലിനജല സംസ്ക്കരണ പ്ലാന്റായ ഇടിപിയുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം.ഇതിനായി ഇടിപിയിലെ വെള്ളം ആഴ്ചയിലൊരിക്കൽ എൻഐടിയിൽ പരിശോധന നടത്തും. കൂടാത ദുർഗന്ധം ഒഴിവാക്കാൻ പഠനം നടത്തി നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചു. മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ പ്രതിനിധികൾ എന്നിവർ പ്ലാന്റിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിനെ തുടർന്നാണ് നടപടി.

# പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ താൽക്കാലിക ഗ്യാലറി തകർന്നുവീണു; പതിനാറ് വിദ്യാർത്ഥികൾക്ക് പരിക്ക്



കോട്ടയം: ഗാലറി തകർന്ന് പതിനാറോളം വിദ്യാർഥികൾക്ക് പരിക്ക്. പാലാ സെൻറ് തോമസ് കോളേജ് ഗ്രൗണ്ടിൽ താൽക്കാലിക ഗാലറിയാണ് തകർന്നത്. ഇന്ന് രാവിലെ ഒമ്പത് മണിയോടുകൂടിയാണ് ഗാലറി തകർന്നത്. എൻസിസി- എൻഎസ്എസ് വിദ്യാർഥികൾക്കാണ് അപകടത്തിൽ പരിക്ക് പറ്റിയത്. ഇവരെ പാല ജനറൽ ആശുപത്രിയിൽ എത്തിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ല. സർദാർ വല്ലഭായി പട്ടേലിൻറെ ജന്മ വാർഷികത്തോടനുബന്ധിച്ച് പരിപാടിക്ക് ഒരുങ്ങുന്നതിനിടയാണ് അപകടം. താൽക്കാലികമായി നിർമിച്ച ഗാലറിയാണ് ഇത്.

## 'വിദ്യാർഥികളുമായി സംഘർഷം; കോഴിക്കോട് – മാങ്കാവ് – പന്തീരങ്കാവ് റൂട്ടിൽ ബസ് ജീവനക്കാരുടെ മിന്നൽ പണിമുടക്ക്

കോഴിക്കോട്: കോഴിക്കോട് - മാങ്കാവ്- പന്തീരങ്കാവ് റൂട്ടിൽ ബസ് ജീവനക്കാരുടെ മിന്നൽ പണിമുടക്ക്. വിദ്യാർഥികളും ബസ് ജീവനക്കാരും തമ്മിൽ ഉണ്ടായ കയ്യാങ്കളിയെ തുടർന്നാണ് പണിമുടക്ക്. പി.വി.എസ് ആശുപത്രിക്ക് സമീപം കുട്ടികളെ ബസിൽ കയറ്റുന്നതുമായി ബന്ധപ്പെട്ടാണ് തർക്കമുണ്ടായത്. ഇത് പിന്നീട് സംഘർഷത്തിലേക്ക് കലാശിക്കുകയായിരുന്നു. രണ്ട് ബസ് ജീവനക്കാർ കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

## സർക്കാർ വാഹനങ്ങൾ ഇനി കെഎൽ90, കെഎസ്ആർടിസിക്ക് മാറ്റമില്ല; റജിസ്ട്രേഷൻ തിരുവനന്തപുരത്ത്

തിരുവനന്തപുരം: സർക്കാർ വാഹനങ്ങൾക്കെല്ലാം ഇനി മുതൽ കെഎൽ 90 എന്ന റജിസ്ട്രേഷൻ സീരീസ് നൽകുന്നതു സംബന്ധിച്ച് കരട് വിജ്ഞാപനം പുറത്തിറക്കി. കെഎൽ 90, കെഎൽ 90 ഡി സീരീസിലാണ് സംസ്ഥാന സർക്കാർ വാഹനങ്ങൾ റജിസ്റ്റർ ചെയ്യുക. കേന്ദ്രസർക്കാർ വാഹനങ്ങൾക്ക് കെഎൽ 90 എ, കെഎൽ 90 ഇ എന്നീ നമ്പറുകൾ ആയിരിക്കും. തദ്ദേശ സ്ഥാപനങ്ങളുടെ വാഹനങ്ങൾ കെഎൽ 90 ബി, കെഎൽ 90 എഫ് എന്നാവും റജിസ്റ്റർ ചെയ്യുക. കെഎസ്ആർടിസിയുടെ നമ്പർ കെഎൽ 15 ആയി തന്നെ തുടരും. അർധ സർക്കാർസ്ഥാപനങ്ങൾ, ബോർഡുകൾ, വിവിധ കോർപറേഷനുകൾ, സർവകലാശാലകൾ എന്നിവയ്ക്ക് കെഎൽ 90 സി സീരീസിലും റജിസ്ട്രേഷൻ നൽകും.

സർക്കാർ വാഹനങ്ങളെല്ലാം നിലവിൽ അതതു ജില്ലകളിലെ ആർടി ഓഫിസുകളിലാണ് റജിസ്റ്റർ ചെയ്യുന്നത്. പുതിയ സംവിധാനം നിലവിൽ വരുന്നതോടെ എല്ലാ സർക്കാർ വാഹനങ്ങളും തിരുവനന്തപുരത്ത് റീജനൽ ട്രാൻസ്പോർട്ട് ഓഫിസ്–2ൽ റജിസ്റ്റർ ചെയ്യും. സർക്കാർ വാഹനങ്ങളുടെ കണക്കെടുക്കാനും വാഹനങ്ങളുടെ കാലാവധി കഴിയുന്നത് അറിയാനുമാണ് ഈ സംവിധാനം. കെഎസ്ആർടിസി വാഹനങ്ങൾ തിരുവനന്തപുരം റീജനൽ ട്രാൻസ്പോർട്ട് ഓഫിസ് –1 ലാണ് റജിസ്റ്റർ ചെയ്യുന്നത്.



## നാദാപുരത്ത് നാടിന്റെ ഉത്സവമായി റോഡ് ഉദ്ഘാടനം ചെയ്തു

നാദാപുരം ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ നാദാപുരം എംഎൽഎ ഇ കെ വിജയന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് പണി പൂർത്തീകരിച്ച പാറയിൽ അമ്പലം മോച്ചാം വീട്ടിൽ താഴെ റോഡിന്റെ ഉദ്ഘാടനം ഉത്സവച്ഛായായിൽ ഇ. കെ.വിജയൻ എംഎൽഎ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി മുഹമ്മദലി അധ്യക്ഷത വഹിച്ചു. വാർഡ് കൺവീനർ കെ.കെ. അനിൽ,പതിനെട്ടാം വാർഡ് മെമ്പർ പി പി ബാലകൃഷ്ണൻ,ഇ.പി. അപ്പുണ്ണി,എം സജീവൻ എന്നിവർ സംസാരിച്ചു. വാർഡ് മെമ്പർ സുനിത എടവത്ത് കണ്ടി സ്വാഗതവും പി പി സബിലാഷ് നന്ദിയും പറഞ്ഞു.

## സ്വർണവിലയിൽ വീണ്ടും വർധന

കൊച്ചി: ഒരിടവേളക്ക് ശേഷം സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 110 രൂപയുടെ വർധനയാണ് ഇന്നുണ്ടായത്. ഒരു ഗ്രാം സ്വർണത്തിന്റെ വില 11,245 രൂപയായാണ് ഉയർന്നത്. പവന്റെ വിലയിൽ 880 രൂപയുടെ വർധനയുണ്ടായി. 89,960 രൂപയായാണ് സ്വർണവില വർധിച്ചത്. 18 കാരറ്റ് സ്വർണത്തിന്റെ വില ഗ്രാമിന് 9245 രൂപയായാണ് കുടിയത്.

അതേസമയം, ആഗോള വിപണിയിൽ സ്വർണവിലയിൽ നേരിയ ഇടിവുണ്ടായി. ഫെഡറൽ റിസർവ് വായ്പ പലിശനിരക്ക് കുറക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വമാണ് ആഗോളവിപണിയിൽ വില കുറക്കുന്ന പ്രധാനഘടകം. ആഗോളവിപണിയിലെ വിലക്കുറവ് വരും ദിവസങ്ങളിൽ ഇന്ത്യയിലും പ്രതിഫലിക്കും. കഴിഞ്ഞ കുറേ ദിവസമായി റെക്കോഡിലെത്തിയതിന് ശേഷം സ്വർണവിലയിൽ ഇടിവുണ്ടാവുകയാണ്.

അന്താരാഷ്ട്ര വിപണിയിൽ സ്പോട്ട് ഗോൾഡിന്റെ വില 0.5 ശതമാനം ഇടിഞ്ഞ് 4,004 ഡോളറായി. യു.എസ് ഗോൾഡ് ഫ്യൂച്ചർ നിരക്കിൽ വലിയ മാറ്റമില്ല. ഗോൾഡ് ഫ്യൂച്ചർ നിരക്ക് 4,016.70 ഡോളറായി തുടരുകയാണ്. ഡോളർ ഇൻഡക്സ് ഇപ്പോഴും ഉയർന്ന നിരക്കിൽ തുടരുകയാണ്. മൂന്ന് മാസത്തിനിടയിലെ ഉയർന്ന നിരക്കിലാണ് ഡോളർ ഇൻഡക്സ്. കഴിഞ്ഞ ദിവസം രാവിലെ കുറഞ്ഞ സ്വർണവില ഉച്ചക്ക് ഉയർന്നിരുന്നു. ഗ്രാമിന് 90 രൂപയാണ് ഉച്ചക്ക് വർധിച്ചത്. ഇതോടെ 11,135 രൂപയായി. പവന് 720 രൂപ കൂടി 89,080 രൂപയുമായി. 18കാരറ്റിന് ഗ്രാമിന് 75 രൂപ കൂടി 9,155 രൂപയായി. ഈ മാസം 17നായിരുന്നു സ്വർണം എക്കാലത്തെയും ഉയർന്ന വിലയായ 97,360 രൂപയിൽ എത്തിയത്. പിന്നീട് വിപണി ചാഞ്ചാടുന്നതാണ് കണ്ടത്.

## യുവതിയെ കൊന്ന് കെട്ടിത്തൂക്കുമെന്ന് ഭീഷണി; ഭർതൃവീട്ടിൽ പീഡനമെന്ന് യുവതി



ഇരിട്ടി: സ്ത്രീധനമായി നൽകിയ സ്വർണവും പണവും കുറഞ്ഞുപോയെന്നും സൗന്ദര്യമില്ലെന്നും ആരോപിച്ച് യുവതിക്ക് ഭർതൃവീട്ടിൽ പീഡനമെന്ന് പരാതി. ചെറുവത്തൂർ പെരുമ്പട്ട സ്വദേശി നീതുവിന്റെ പരാതിയിൽ ഭർത്താവിനും ഭർത്താവിന്റെ വീട്ടുകാർക്കുമെതിരെ കരിക്കോട്ടക്കരി പൊലീസ് കേസെടുത്തു. ഭർത്താവ് ലിന്റ് ടോമി, ലിന്റിന്റെ പിതാവ് ടോമി, അമ്മ ലില്ലി എന്നിവർക്കെതിരെയാണ് പൊലീസ് കേസെടുത്തത്. ക്രൂരമായ പീഡനത്തിന് ഇരയായെന്നാണ് യുവതി പരാതിയിൽ പറയുന്നത്. ഭർതൃവീട്ടിൽനിന്നു മാറിത്താമസിച്ചിട്ടും ഭർത്താവിന്റെ ഉപദ്രവം തുടർന്നു. ജോലി ചെയ്യുന്ന സ്ഥലത്തെത്തിയും ബഹളമുണ്ടാക്കി. 2021ലാണ് ഇവർ വിവാഹിതരായത്. അന്നുമുതൽ പ്രശ്നങ്ങളായിരുന്നുവെന്നാണ് പരാതിയിൽ പറയുന്നത്.






## കെഎംസിടി കൺവേർജ് –2025 അക്കാദമിക് ഇൻഡസ്ട്രി കോൺക്ലേവ് സംഘടിപ്പിക്കുന്നു




മുക്കം: സാങ്കേതികവിദ്യയുടെ അതിവേഗത്തിലുള്ള പുരോഗതിയും, മാറിക്കൊണ്ടിരിക്കുന്ന വ്യവസായ സാഹചര്യങ്ങളുംതൊഴിൽ മേഖലയിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി വിദ്യാർത്ഥികളെ സജ്ജരാക്കാൻ കെ.എം.സി.ടി. ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ടൈ കേരളയുമായി (TiE Kerala) സഹകരിച്ച് കെ.എം.സി.ടി. കൺവേർജ് - 2025 എന്ന പേരിൽ ഫോർച്യൂൺ 500 കമ്പനികളിലെ മേധാവികളെയും ഇന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അക്കാദമിക് - ഇൻഡസ്ട്രി കോൺക്ലേവ് നാളെ കെ.എം.സി.ടി. കോഴിക്കോട് ക്യാമ്പസ്സിൽ നടത്തുന്നു. വ്യവസായം, നിയമം, കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടന കർമ്മം നിർവഹിക്കും. എൻ. ഐ. ടി കോഴിക്കോട്, ഐ. ഐ. ഐ. ടി കോട്ടയം തുടങ്ങിയ സ്ഥപനങ്ങളിൽ നിന്നുള്ള പ്രൊഫസർമാരും, ടി. സി. എസ്, മിത്സുബിഷി, വോൾവോ, കെ. പി. എം. ജി, എച്ച്. സി. എൽ, മിന്ത്ര, തുടങ്ങിയ 50–ഓളം പ്രമുഖ കമ്പനി മേധാവികളും കോൺക്ലേവിൽ പങ്കെടുക്കും.

വടക്കൻ കേരളത്തിലെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ലോകോത്തര കമ്പനി പ്രതിനിധികൾക്ക് മുൻപിൽ അവതരിപ്പിക്കാനും, നൂതന സാങ്കേതിക മേഖലയിലെ വ്യവസായ വികസനത്തിന് അനുയോജ്യമായ കേന്ദ്രമായി ഈ പ്രദേശത്തെ മാറ്റിയെടുക്കാനും കെ. എം. സി. ടി കൺവേർജ് –2025 സഹായകമാകുമെന്ന് ഗ്രൂപ്പ് അസിസ്റ്റന്റ് ഡയറക്ടർ സാഹിൽ മൊയ്തു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കെ.എം.സി.ടി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമെർജിങ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് പ്രിൻസിപ്പാൾ ഡോ. അബ്ദുൽ ഗഫൂർ, കെ.എം.സി.ടി. കോളേജ് ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് പ്രിൻസിപ്പാൾ ഡോ. രഞ്ജിത്ത് സി, അസിസ്റ്റന്റ് പ്രൊഫസർ ഷമീം പി. സി , കെ. പി. എം. ജി. ഇന്ത്യ അസിസ്റ്റന്റ് മാനേജർ സജാസ് പി. എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.






RNI No.35157/10, Printer, Publisher & Chief Editor P.T.Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp.HP Petrol Pump, West Nadakkavu, Calicut -673011, Email:peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode